20-12-2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപ്പാദനം നടത്തുന്ന വ്യവസായ സംരംഭകർക്ക് സ്ഥിരാസ്തികളിലുള്ള നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായമായി നൽകുന്നു. കേരളത്തിലെ ഉൽപ്പാദകർക്ക് വിപണിയുടെ ആവശ്യങ്ങൾ, വളരുന്ന വിപണികൾ, ഗുണനിലവാരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിന് ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നയത്തിൽ ചെറുകിട വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി വ്യവസായ ഏര്യകളിലെ ക്ലസ്റ്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും, ബഹുനില സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. എന്നിവയിൽ എം.എസ്.എം. ഇ. ഓഹരി പങ്കാളിത്ത നിധി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും തീർപ്പാക്കാനുള്ളവ പരിഹരിക്കുന്നതിനും സംസ്ഥാന-ജില്ലാ തലങ്ങളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ

17 (*197) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളെന്തെല്ലാമാണ് ;

(സി) ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ;

(ഡി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രപീകരിച്ചിട്ടുണ്ട്. 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ ശ്രപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

(ഡി) കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ലാസ്സുകൾ എടുക്കുകയും ഇന്റർനെറ്റ്, പത്ര മാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്.

സാമ്പത്തിക പ്രതിസന്ധിക്ക് കാരണങ്ങൾ

18 (*198) ശ്രീ. സാജു പോൾ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ.ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവു നിയന്ത്രിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഉന്നതതല കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ അവഗണിച്ചത് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ശ്രക്ഷമാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly